## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആത്മീയജലപാനം ചെയ്യാത്ത ഒരു വിശ്വാസിക്കും നിലനിൽപാൻ സാദ്ധ്യമല്ല. ആത്മീയജലത്തെ അവഗണിക്കുന്നവരുടെയെല്ലാം ആത്മീയനിലനിൽപും തികച്ചും അപകടത്തിലാണ്. ആത്മീയജലത്തെ – ആത്മാവിനെ – അവഗണിക്കാതെ അതിന് അതിന്റേതായ പ്രാധാന്യം കൊടുക്കുവാൻ തയ്യാറാകണം. ആടുകൾക്ക് ആവശ്യമുള്ള വെള്ളം കണ്ടുപിടിക്കുന്നത് ആടുകൾ തന്നെയല്ല. അത് കണ്ടുപിടിക്കുന്നതും അവിടേക്ക് ആടുകളെ നയിക്കുന്നതും ഇടയന്റെ കർത്തവ്യമാണ്. ഇടയൻ അത് യഥാവിധി നിർവഹിക്കുകയും ചെയ്യുന്നു. ആടുകൾ തന്നെ ജലം കണ്ടുപിടിക്കുവനായി ശ്രമിച്ചാൽ, കണ്ണിൽ കാണുന്ന ഏത് ജലവും തിരഞ്ഞെടുക്കുവാൻ ശ്രമിക്കും, അത് പലപ്പോഴും അശുദ്ധവും മാലിന്യവും ആയിരിക്കും. ചിലപ്പോൾ രോഗാണുക്കൾ നിറയപ്പെട്ട ജലമായിരിക്കും. അപ്രകാരം ഉപയോഗ യോഗ്യമല്ലാത്ത ജലം കുടിക്കുന്നതിനാൽ ആടുകൾക്ക് അസ്വസ്ഥതകൾ വന്നേക്കാം. അതുകൊണ്ട് ഇടയൻ തന്നെ ജലം തിരഞ്ഞെടുക്കുകയും ആടുകളെ അവിടേക്ക് നയിക്കുകയും ചെയ്യുന്നു. ആടുകളുടെ ഏക കർത്തവ്യം ഇടയനെ പിൻപററുകയും അനുഗമിക്കുകയും ചെയ്യുക എന്നതാണ്.

ഈ വസ്തുതകൾ അറിയാവുന്ന നമ്മുടെ നല്ല ഇടയനായ യേശു, ആവശ്യമായ ജീവജലത്തിന്റെ ഉറവ നമുക്കായി ക്രമീകരിച്ചിട്ടുണ്ട്. നമുക്കുവേണ്ടി അതിമനോഹരമായ പുൽമേടുകളെ ഒരുക്കിയവനായ ആ നല്ല ഇടയൻ സ്വസ്ഥതയുള്ള വെള്ളവും നമുക്കായി ഒരുക്കിയിരിക്കുന്നു. ആടുകളുടെ നല്ല ഇടയനായി യേശു മാത്രമേ ഉള്ളു എന്നതിനാൽ ആടുകൾക്കുവേണ്ടി ശുദ്ധജലം ഒരുക്കുവനായിട്ട് അവൻ മാത്രമേയുള്ളു. എന്നാൽ ആത്മീയദാഹമുള്ള അനേകം ജനങ്ങൾ ഇന്ന് ഒന്നുകിൽ സ്വയമായി ജലം കണ്ടുപിടിക്കുവാനോ അല്ലെങ്കിൽ അറിയാതെ തന്നെ മറേറതെങ്കിലും കള്ള ഇടയന്മാരുടെ പിന്നാലെ പോകുവാനോ ശ്രമിക്കുന്ന ദയനീയ കാഴ്ച നമുക്ക് കാണുവാൻ സാധിക്കും. ആത്മീയദാഹം ശമിപ്പിക്കുവാൻ പലരും പല മാർഗ്ഗങ്ങൾ ആരായുന്നു. അവയുടെ പിന്നാലെ പായുന്നു. ലോകപ്രകാരമുള്ള എന്തെങ്കിലും കാര്യങ്ങളാൽ തങ്ങളുടെ ദാഹം ശമിപ്പിക്കാമെന്ന ചിന്തയിൽ അവർ പലതിന്റെയും പിന്നാലെ പോകുന്നു. ഒടുവിൽ നിരാശരായി നിലം പതിക്കുകയും ചെയ്യുന്നു.

തുടരും....